(ബി) എങ്കിൽ അവ ഏതെല്ലാമാണ് ;

(സി) അവയുടെ സംരക്ഷണത്തിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) പമ്പയുടെ കൈവഴിയായ വരട്ടാർപുഴ ഒഴുക്കുനിർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വരട്ടാറിലെ ജല ഒഴുക്ക് നിന്നതിന് കാരണം വ്യക്തമാക്കാമോ ;

(എഫ്) . ജലം . വറ്റിയ ഈ പുഴയുടെ തടം കയ്യേറ്റത്തിന് വിധേയമായിട്ടുണ്ടോ ;

(ജി) വരട്ടാറിനെ പുനരുജ്ജീവിപ്പിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ.വി. പി. രാമകൃഷ്ണപിള്ള) :

(എ&ബി) സംസ്ഥാനത്ത് ആകെ നാല്പത്തിനാല് നദികളാണുള്ളത്. ഈ നദികൾ മലിനീകരണവും അമിതമായ മണൽവാരൽമൂലവും നാശത്തിന്റെ ഭീഷണിയിലാണ്.

(സി) ഗവൺമെന്റ് കേരളത്തിലെ ഒൻപത് പ്രമുഖനദികളെ സംരക്ഷിത നദികളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽനിന്ന് മണൽവാരുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നദികളുടെ തീരസംരക്ഷണത്തിനായി 3348.75 ലക്ഷം രൂപ ചെലവ് വരുന്ന 21 സ്കീമുകൾ കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ നദികളുടെ സംരക്ഷണത്തിനായി ലോകബാങ്ക് വായ്പ എടുക്കുന്ന കാര്യം ചർച്ച ചെയ്തു വരുന്നു.

(ഡി&ഇ) ഉണ്ട്. പമ്പാനദിയുടേയും മണിമലയാറിന്റേയും ജലനിരപ്പ് താഴ്ന്നതുമൂലമാണ് വരട്ടാറിലെ ജല ഒഴുക്ക് നിന്നത്.

(എഫ്) ഉണ്ട്.

(ജി) പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ ധനസഹായം ലഭിച്ചിട്ടില്ല.

ആദിവാസി മേഖലയിലെ ആരോഗ്യ രംഗത്തെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം

19 (*499) ഡോ. എം. എ. കുട്ടപ്പൻ :

ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിൽ ആരോഗ്യരംഗത്ത് പിന്നോക്കാവസ്ഥ നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് പരിഹരിക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(സി) ഇതിനായി ഹെൽത്ത് വർക്കറൻമാരെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ നിയമിച്ചുവെന്ന് അറിയിക്കുമോ ;

(ഡി) ഈ വർഷം ഇതിനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കും എന്ന് അറിയിക്കുമോ ?

പിന്നോക്ക - പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) അട്ടപ്പാടിയിലും ഇടുക്കിയിലും ഓരോ ഹെൽത്ത് പ്രോജക്ടുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി അട്ടപ്പാടിയിൽ ഒ.പി. ക്ലിനിക്ക് പ്രവർത്തനമാരംഭിച്ചു. ഇടുക്കിയിൽ ഒ.പി. ക്ലിനിക്ക് ഉടനെ ആരംഭിക്കും വയനാട്ടിൽ ഒരാശുപത്രി ഇതിനായി പ്രവർത്തിക്കുന്നു. എല്ലാ പട്ടികവർഗ്ഗക്കാർക്കും ഹെൽത്ത് കാർഡു വിതരണം ചെയ്യാൻ നടപടിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹെൽത്ത് ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുമുണ്ട്.

(സി) ഉണ്ട്. 123 ഹെൽത്ത് വോളണ്ടിയർമാരെ നിയമിച്ചിട്ടുണ്ട്.

(ഡി) അട്ടപ്പാടിയിലെ ആശുപത്രിയുടെ പണി ഈ വർഷം ആരംഭിക്കും. പുതുതായി നിയമിച്ചിട്ടുള്ള സോഷ്യൽ ആക്ടിവിസ്റ്റുകളെ ആവശ്യമുള്ള പരിശീലനം നൽകി ഈ രംഗത്ത് പ്രവർത്തിക്കാൻ പ്രാപ്തരാക്കും.

ജലസേചന മന്ത്രിമാരുടെ ശിൽപ്പശാല

20 (*500) ശ്രീ. പി. രാജു :
ശ്രീ. യു. എസ്. ശശി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നടന്ന ജലസേചന മന്ത്രിമാരുടെ ശിൽപ്പശാലയിലെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതനുസരിച്ച് കുടിവെള്ള വിതരണ മേഖലയിൽ സ്വകാര്യ മുതൽമുടക്ക് അനുവദിക്കുവാനുദ്ദേശമുണ്ടോ ;

(സി) എങ്കിൽ വിശദവിവരം അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly